## പതിമൂന്നാം കേരള നിയമസഭ
## ഏഴാംസമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.ടി. 1228 8/02/2013 ൽ മറുപടിയ്ക്ക്**

| ചോദ്യം<br>ശ്രീ. കെ. രാജു | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| --- | --- |
| സംസ്ഥാനത്ത് പുതിയ റവന്യൂ ഡിവിഷനുകൾ എവിടെയൊക്കെയാണ് പുതിയതായി അനുവദിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ; പുനലൂർ ആസ്ഥാനമാക്കി പുതിയ റവന്യൂ ഡിവിഷൻ അനുവദിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>പുനലൂർ ആസ്ഥാനമാക്കി പുതിയ റവന്യൂ ഡിവിഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | സംസ്ഥാനത്ത് നെടുമങ്ങാട് ,പുനലൂർ, കൊടുങ്ങല്ലൂർ, വടകര, തളിപ്പറമ്പ് എന്നീ റവന്യൂ ഡിവിഷനുകൾ രൂപീകരിക്കുന്നതിനുള്ള ശുപാർശ ലാന്റ് റവന്യൂ കമ്മീഷണറിൽ നിന്നും ലഭിച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. നിലവിൽ സംസ്ഥാനത്ത് വില്ലേജ് ഓഫീസുകൾ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ വില്ലേജ് ഓഫീസുകൾ രൂപീകരിക്കുന്നതിനുള്ള നടപടിക്കാണ് മുൻഗണന നൽകിവരുന്നത്. ആകയാൽ പുനലൂർ ആസ്ഥാനമായി റവന്യൂ ഡിവിഷൻ ഉൾപ്പെടെയുള്ള മറ്റ് റവന്യൂ യൂണിറ്റുകളുടെ രൂപീകരണം ഇപ്പോൾ പരിഗണനയിലില്ല. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ
ഏഴാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. ടി. 1230 8/02/2013 ൽ മറുപടിയ്ക്ക്

## കേരളത്തിൽ പുതിയ ജില്ലകൾ രൂപീകരിക്കുന്നത് സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി)** |
| (എ) പുതിയ ജില്ലരൂപീകരിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ ;<br>(ബി) സംസ്ഥാനത്ത് പുതിയ ജില്ലകൾ രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ;<br>(സി) ജനസംഖ്യാനുപാതികമായി സംസ്ഥാനത്ത് എത്ര ജില്ലകൾ കൂടി രൂപീകരിക്കാനുണ്ടാകുമെന്ന് അറിയിക്കാമോ :<br>(ഡി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ല വിഭജിച്ച് പുതിയ ജില്ല രൂപീകരിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ? | **(എ)യും(ബി) യും(സി) യും (ഡി) യും**<br><br>പുതിയ ജില്ല രൂപീകരിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുകയോ പഠനം നടത്തുകയോ ചെയ്തിട്ടില്ല.റവന്യൂ ഭരണത്തിന്റെ അടിസ്ഥാന യൂണിറ്റായ വില്ലേജ് ഓഫീസുകൾ ഇല്ലാത്ത ഏതാനും ഗ്രാമപഞ്ചായത്തുകളിൽ വില്ലേജ് ഓഫീസുകൾ രൂപീകരിക്കുന്ന വിഷയത്തിനാണ് ഇപ്പോൾ മുൻഗണന നൽകി വരുന്നത് .ആകയാൽ ജില്ലാ രൂപീകരണം പോലുള്ള മറ്റ് റവന്യൂ യൂണിറ്റുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ